53 (962) കടൽഭിത്തി നിർമ്മാണം

പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെകാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഏറിയാട് ഭാഗത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഏറിയാട് പഞ്ചായത്തിൽ താഴിക്കോടിനും ഏറിയാടിനും ഇടയ്ക്ക് കടൽഭിത്തി നിർമ്മിക്കുന്നതിലേയ്ക്കായി സമർപ്പിച്ചിരുന്ന 194.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫണ്ടിന്റെ അപര്യാപ്തതമൂലം മാറ്റിവച്ചു. പിന്നീട് 1996-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം മാറ്റിവയ്ക്കുകയുണ്ടായി. 01-07-1999-ൽ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

54 (963) ജലസേചന വകുപ്പിൽ നടന്ന സ്ഥലം മാറ്റം

ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്യുന്ന ഉദ്യോഗാർത്ഥി തെരഞ്ഞെടുത്ത ജില്ലയിൽ 5 വർഷത്തെ സേവനം അനുഷ്ഠിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എത്രപേർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്;

(ബി) ഇങ്ങനെ വ്യവസ്ഥ ലംഘിച്ചു സ്ഥലം മാറിവന്നവരെ, അതാത് ജില്ലയിലേയ്ക്ക് തിരിച്ചയയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനെ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) രണ്ടുപേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) പരാതി ലഭിച്ചിട്ടില്ല.

55 (964) ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊമോഷൻമൂലം ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 117 ഒഴിവുകൾ

(ബി-സി) ബിരുദധാരികളായ അസിസ്റ്റന്റ് എൻജിനീയർമാർക്ക് പ്രൊമോഷൻ നൽകുമ്പോഴുണ്ടാകുന്ന ഒഴിവുകൾ നിയമപ്രകാരം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

56 (965) കെ.ഡബ്ല്യു.എ.യിൽ ജോലി നോക്കിയിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. ഉമ്മൻചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ.യിൽ ജോലി നോക്കിയിരുന്ന താൽക്കാലിക ജീവനക്കാരെ 19-9-1990-ലെ സുപ്രീംകോടതിവിധി അനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ; എന്ത് മാനദണ്ഡപ്രകാരം സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കാമോ;

(സി) വിധി വന്ന അവസരത്തിൽ സർവ്വീസിൽ ഉള്ളവരും പക്ഷേ കോടതി വിധിയുടെ പരിധിയിൽ വരാത്തവരുമായവരെ കൂടി സ്ഥിരപ്പെടുത്തണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) അനേകവർഷങ്ങളായി സർവ്വീസിൽ താൽക്കാലികമായി തുടരുന്നവരെകൂടി സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-9-1990-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1775 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി-ഡി) വിധിവന്ന അവസരത്തിൽ സർവ്വീസിൽ ഉള്ളവരും പക്ഷേ കോടതി വിധിയുടെ പരിധിയിൽ വരാത്തവരുമായ താൽക്കാലിക ജീവനക്കാർ കെ.ഡബ്ല്യു.എ.യിൽ ഇല്ല.

(ഇ) 19-9-1990-ൽ സുപ്രീംകോടതിവിധിയുടെ പരിധിയിൽ വരുന്നവരും എന്നാൽ 19-9-1990-ൽ ഒരു വർഷം പൂർത്തിയാകാത്തവരും നിശ്ചിത യോഗ്യതയുള്ളവരുമായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly